ഉത്തരം

(എ) ഇല്ല.

(ബി) & (സി) പ്രകൃതി ചികിത്സാ ഡോക്ടർമാർക്ക് രജിസ്ട്രേഷൻ നൽകുന്നതുസംബന്ധിച്ച് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ലൈസൻസിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് സമഗ്രം സംവിധാനം

37 (6189) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. സി. ജോസഫ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എല്ലാ വർഷവും വ്യാപകമായി ഉണ്ടാകുന്ന പകർച്ചവ്യാധികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് സാങ്കേതിക മികവും ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഒരു സമഗ്ര സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിനായി എന്തൊക്കെ സൗകര്യങ്ങളാണ് സംസ്ഥാന ജില്ലാതലങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി പ്രത്യേക തുക വകയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(ഡി) ഈ പ്രത്യേക സംവിധാനം മോണിട്ടർ ചെയ്യുന്നതിന് സംസ്ഥാനത്ത് ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുമോ ;

(ഇ) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ എന്തൊക്കെ സാങ്കേതിക സഹായവും ധനസഹായവുമാണ് ഈ പദ്ധതിക്ക് ലഭ്യമാക്കാൻ കഴിയുക എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-05-ൽ തുടങ്ങിയ കേന്ദ്ര സഹായ പദ്ധതിയാണ് സംയോജിത രോഗപര്യവേഷണ പദ്ധതി അഥവാ ഐ.ഡി.എസ്.പി. ഇതനുസരിച്ച് ഫീൽഡ് തലത്തിൽ നിന്നും 'S' ഫോമിലും ആശുപത്രികളിൽ നിന്നും 'P' ഫോമിലും ലബോറട്ടറികളിൽ നിന്നും 'L' ഫോമിലും രോഗവിവരങ്ങൾ ശേഖരിച്ച് ജില്ലാ ആസ്ഥാനത്തുള്ള ഐ.ഡി.എസ്.പി. സെല്ലിലേയ്ക്ക് അയയ്ക്കുന്നു. ജില്ലാ ആസ്ഥാനത്ത് കൺസോളിഡേറ്റ് ചെയ്ത ഡാറ്റ സംസ്ഥാന ആസ്ഥാനത്തുള്ള ഐ.ഡി.എസ്.പി. സെല്ലിലേയ്ക്ക് അയയ്ക്കുന്നു. സംസ്ഥാനത്ത് നിന്നും കൺസോളിഡേറ്റ് ചെയ്ത ഡാറ്റ ഡൽഹിയിലുള്ള സെൻട്രൽ സർവയലൻസ് യൂണിറ്റിലേയ്ക്കും അയയ്ക്കുന്നു. ഇതിലേയ്ക്കായി 14 ജില്ലാ ആസ്ഥാനത്തും ജില്ലാ സർവയലൻസ് യൂണിറ്റും സംസ്ഥാന തലസ്ഥാനത്ത് സംസ്ഥാന സർവയലൻസ് യൂണിറ്റും പ്രവർത്തിക്കുന്നു.

(സി) സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. കേന്ദ്ര പദ്ധതിയായ ഐ.ഡി.എസ്.പി.യുടെ 2010-11-ലെ ഫണ്ട് എൻ.ആർ.എച്ച്.എം. ഫണ്ടിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഐ.ഡി.എസ്.പി.ക്ക് സംസ്ഥാനതലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റിയുണ്ട്. ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ആഫീസർ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റിയുമുണ്ട്.

(ഇ) സെലക്ട് ചെയ്ത ലബോറട്ടറികൾ മെച്ചപ്പെടുത്തുന്നതിനും ട്രെയിനിംഗിനും കേന്ദ്ര സർക്കാർ ഉപകരണങ്ങളും സാങ്കേതിക സഹായവും നൽകാറുണ്ട്. കൂടാതെ ജില്ല/സംസ്ഥാന ഐ.ഡി.എസ്.പി. സെല്ലുകളിലുള്ള ഡേറ്റാ മാനേജർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ജില്ലാതല എപ്പിഡമോളജിസ്റ്റ്/ എന്റമോളജിസ്റ്റ് എന്നിവരുടെ ശമ്പളം, ട്രെയിനിംഗിനായുള്ള ധനസഹായം എന്നിവയും നൽകാറുണ്ട്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വീഡിയോ കോൺഫറൻസിംഗിന് വേണ്ടിയുള്ള ഉപകരണങ്ങൾ നൽകിയിട്ടുമുണ്ട്.

ആംബുലൻസ് സർവ്വീസ് സംബന്ധിച്ച ക്രമക്കേടുകൾ

38 (6190) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻരക്ഷാ ഉപകരണങ്ങളോടുകൂടിയ ആംബുലൻസുകളുടെ എമർജൻസി മെഡിക്കൽ സർവ്വീസുകളിൽ തിരുവനന്തപുരം ജില്ലയിൽ എത്ര എണ്ണമാണ് പ്രവർത്തിക്കുന്നത് ;